
# ദൈവനിൽ ദൂതന്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **April 1994** **No. 1**

കടപ്പാടോ, കാര്യസാദ്ധ്യമോ ഉള്ളിൽ വെച്ചുകൊണ്ടു മററുള്ളവരെ ആദരിക്കുന്നവരെയും ഇതൊന്നുമല്ലാതെ ആത്മാർത്ഥതയും യഥാർത്ഥ സ്നേഹവും ഉള്ളിൽ വെച്ചു കൊണ്ട് ആദരിക്കുന്നവരെയും നമുക്കു സമൂഹത്തിൽ കാണാം. ദൈവത്തോടുള്ള ബഹുമാനവും മനുഷ്യനോടുള്ള ബഹുമാനവും വേർതിരിച്ച് കാണുന്നവരുമുണ്ട്. സത്യത്തിന്റെ മുഖം ഒരിക്കലും വികൃതമാകാറില്ല. അതിനു വേർതിരിവ് ഇല്ല. ദൈവം തന്റെ മക്കളെ എത്രത്തോളം കരുതുകയും സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നു എന്നതു തന്റെ പ്രവൃത്തികളിലൂടെ തെളിയിച്ചു തന്നു. പക്ഷെ ആ ദൈവത്തെ, തിരിച്ച് എത്രപേർ സ്നേഹിക്കുകയും ബഹുമാനിക്കയും ചെയ്യുന്നുണ്ട് ? നമ്മുടെ ദൈനന്തിന ഇടപാടുകളിൽ, ആത്മീയമായ പ്രവൃത്തികളിൽ എല്ലാം നാം എങ്ങനെയാണ് ദൈവത്തിനു മഹത്വം കൊടുക്കുന്നതു ? തമ്മിൽ തമ്മിൽ ബഹുമാനിക്കേണം എന്ന ദൈവിക പ്രമാണത്തെ സ്വീകരിക്കാതെ തന്റെ സ്വഭാവത്തെയും പ്രവൃത്തിയേയും ന്യായീകരിക്കുന്ന പ്രവണത ഒരു ദൈവ പൈതലിനു ചേർന്നതല്ല. നിസ്വാർത്ഥവും നിസ്സീമവുമായ സമീപനം ആണ് നമ്മിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നതു.

# കർത്താവിന്റെ സഭയെ കണ്ടെത്തൽ

J. C. ചോട്ട്

തിരുവചന സത്യം കേട്ടു മനസിലാക്കി അത് അനുസരിച്ച് ജീവിക്കുന്ന ഒരാൾക്കു ജോലിയുണ്ടെങ്കിൽ അയാൾക്കു ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കു മാറിപോകേണ്ടി വരുന്നതു സാധാരണ സംഭവമാണ്. അതൊഴിവാക്കാൻ പലപ്പോഴും കഴിയാറില്ല എന്നു നമുക്ക് അറിയാം. ഒരു പട്ടണത്തിൽ കർത്താവിന്റെ സഭയിൽ അംഗമായി തീർന്ന ഒരു വ്യക്തിക്കും ചിലപ്പോൾ ഒരു കുടുംബത്തിനു മുഴുവനുമോ ഇങ്ങനെ മാറേണ്ടിവന്നേക്കാം. വളരെക്കാലം കർത്താവിന്റെ സഭയിലെ ഒരു ഇടവകയിൽ വിശ്വസ്തരായി ജീവിച്ചവർക്കു ഇങ്ങനെ ഒരവസ്ഥ ഉണ്ടാകുമ്പോൾ, ചെല്ലുന്ന സ്ഥലത്തു കർത്താവിന്റെ സഭയുടെ ഇടവക കണ്ടെത്താൻ പ്രയാസമുണ്ടാകയില്ല; അതിൽ തെറ്റു പറ്റുകയുമില്ല. എന്നാൽ പുതുതായി പരിവർത്തനം ചെയ്യപ്പെട്ട അംഗങ്ങളാണെങ്കിൽ അവർക്കു ചില പ്രശ്നങ്ങൾ നേരിടാറുണ്ട്. തിരുവെഴുത്തിനെക്കുറിച്ച്, സഭയെക്കുറിച്ച്, സഭയെതിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ കണ്ടെത്തൽ എന്നിവയെക്കുറിച്ച് അവർക്കുള്ള പരിജ്ഞാനത്തെ ആസ്പദമാക്കിയിരിക്കും അതു.

ഉദാഹരണമായി നിങ്ങൾ ഒരു പട്ടണത്തിൽ നിന്നോ, സ്ഥലത്തു നിന്നോ മറ്റൊന്നിലേക്കു മാറുവാൻ നിശ്ചയിച്ചു കഴിഞ്ഞു എന്നു വിചാരിക്കുക. അവിടെ ചെന്നാൽ ഉടനെ തന്നെ അവിടെ കർത്താവിന്റെ സഭ കൂടിവരുന്നതു എവിടെയാണെന്ന് കണ്ടെത്താൻ ഉടനെ ശ്രമം നടത്തും. കണ്ടെത്തിയാൽ അവരുമായി കൂട്ടായ്മയും പ്രാർത്ഥനയും കഴിച്ചു പോരുകയും അവരൊന്നിച്ച് ആരാധിക്കുകയും

ചെയ്യും. ചിലപ്പോൾ നിങ്ങൾ വിട്ടുപോകുന്ന ഇടവക, ചെല്ലുന്ന സ്ഥലത്തെ സഭയുടെ വിലാസവും മററും തന്നു വിട്ടേക്കാം. അങ്ങനെയെങ്കിൽ ആ ഇടവക കണ്ടു പിടിക്കുവാനും അവരുമായി തുടർന്നു ബന്ധം പുലർത്തുവാനും എളുപ്പമാണ്. എന്തെങ്കിലും കാരണത്താൽ അത്തരം വിവരങ്ങൾ ലഭിക്കാതെ പോയാൽ നിങ്ങൾ സ്വയമായി അതു കണ്ടുപിടിച്ച് ആ സഹോദരന്മാരുമായി ആത്മീയ ബന്ധം സ്ഥാപിക്കാവുന്നതാണ്. വിശ്വാസത്തിൽ ആരംഭം കുറിച്ച ഒരു വ്യക്തിയാണെങ്കിൽ ഈ കാര്യത്തിൽ പ്രശ്നങ്ങൾ നേരിടാം.

ഇതുപോലുള്ള സാഹചര്യം നിങ്ങൾക്കു നേരിട്ടിട്ടുണ്ടോ ? അതായതു മറേറതെങ്കിലും സ്ഥലത്തു ചെന്ന് കർത്താവിൻെറ സഭയുടെ ഇടവക ഏതെന്ന് തിരിച്ചറിയാൻ നിങ്ങൾ നോക്കി നടന്നിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിൻെറ അടയാളങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കുക.

1. അതു വചന പ്രകാരമുള്ള ഒരു പേർ ധരിച്ചിരിക്കും. അതിൻെറ അർത്ഥം കർത്താവിൻെറ സഭയെ ബൈബിളിൽ അറിയപ്പെട്ടിരുന്നതുപോലെ ക്രിസ്തുവിൻെറ സഭ (റോമർ 16:16), ദൈവസഭ (പ്രവൃത്തി 20:28) അല്ലെങ്കിൽ തിരുവെഴുത്തിൽ സൂചിപ്പിച്ചിട്ടുള്ള മറേറതെങ്കിലും പേരിൽ അറിയപ്പെടണം. ലോകം മുഴുവൻ സഭയെ അറിയപ്പെടുന്നതു ''ക്രിസ്തുവിൻെറ സഭ'' എന്ന പേരിലാണ്. ആ പേർ ഉപയോഗിക്കാൻ കാരണം, ഒന്ന് അതു വേദപുസ്തക പേരാണ്. മറെറാന്ന്, ലോകത്തിൽ ഉള്ളവർക്കു തെററ് പററാതിരിക്കാനാണ്. ഇന്നു ലോകത്തിൽ മതപരമായ സംഘടനകൾ എല്ലാം വിവിധങ്ങളായ പേരിൽ അറിയപ്പെടുന്നതുപോലെ കർത്താവിൻെറ സഭ ഓരോ സ്ഥലത്തും ഓരോ പേരിൽ അറിയപ്പെട്ടാൽ അതു കലക്കത്തിലാകും. വചനത്തിലുള്ള പേർ ധരിച്ചിരിക്കുന്ന ഒരു ഇടവക മറെറാരുസ്ഥലത്തുള്ള വേറൊരു നാമം വചന

ത്തിലുള്ളതു തന്നെ ധരിച്ചിരിക്കുന്നതുകൊണ്ട് കൂട്ടായ്മ ആചരിക്കുമെന്ന് ഒരാൾക്കു അറിയാൻ കഴിഞ്ഞെന്നു വരികയില്ല. നാമധേയ വിഭാഗങ്ങളിൽ ചിലതു തിരുവചന നാമങ്ങൾ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് അതു കർത്താവിൻെറ സഭയാകുന്നില്ല. പേരു മാത്രം വചനത്തിൽ നിന്ന് എടുക്കയും ഉപദേശങ്ങളും ആചാരങ്ങളും വ്യത്യസ്ഥമായിരിക്കയും ചെയ്താൽ അതു കർത്താവിൻേറതാകയില്ല.

2. അതിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്നു മാത്രം അറിയപ്പെടും. അവർ ഒരിക്കലും അത്തരം ക്രിസ്ത്യാനി എന്നോ ഇത്തരം ക്രിസ്ത്യാനിയെന്നോ അറിയപ്പെടുകയില്ല. ക്രിസ്ത്യാനി എന്ന പേരിനു മുമ്പോ പിമ്പോ മാനുക്ഷിക നാമം അവർ എടുക്കുകയില്ല. രക്ഷ ക്രിസ്തുവിൻെറ നാമത്തിലാണ് എന്ന് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (പ്രവൃത്തി 4:12). പിന്നീട് കർത്താവിനെ അനുസരിച്ച് അവനെ പിൻപററിയവരെല്ലാം തന്നെ ക്രിസ്ത്യാനികൾ എന്ന പേരിൽ മാത്രമാണ് അറിയപ്പെട്ടിരുന്നതെന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. (പ്രവൃത്തി 11:26; 26:28; 1പത്രോസ് 4:16).

3. കർത്താവിൻെറ സഭ, ക്രിസ്തുവിൻെറ സഭ ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ ആരാധിക്കുവാൻ കൂടി വരണം (പ്രവൃത്തി 20:7). അംഗങ്ങൾ ആരാധിക്കേണ്ടതു; പ്രാർത്ഥിക്കുകയും (പ്രവൃത്തി 2:42), ദൈവവചനം പഠിക്കുകയും (2തിമൊഥെയോസ് 2:15; പ്രവൃത്തി20:7), ആത്മിയ ഗീതങ്ങളാൽ ദൈവത്തിനു പുകഴ്ച്ച അർപ്പിക്കുകയും (എഫെസ്യർ 5:19; കൊലൊസ്യർ3:16), ഓരോ ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിലും കർത്തൃമേശയിൽ നിന്നു ഭക്ഷിക്കുകയും (പ്രവൃത്തി 20:7; മത്തായി 26: 26-28; 1കൊരിന്ത്യർ 11:23-29), അവർക്കുള്ള പണം നല്കുകയും വേണം (1കൊരിന്ത്യർ 16:1-2). ഇതെല്ലാം ചെയ്തിട്ട് പാട്ടു പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിച്ചാൽ

അതു കർത്താവിൻെറ സഭയാകുന്നില്ല. അല്ലെങ്കിൽ, കർത്തൃമേശ ഇല്ലാതിരുന്നാലും ആ ഇടവക കർത്താവിൻേറതല്ല എന്ന് ഉറപ്പിക്കാം.

4. എന്നിട്ടും നിങ്ങൾക്കു ഈ ഇടവക കർത്താവിൻേറതെന്ന് സംശയമുണ്ടെങ്കിൽ ചില ചോദ്യങ്ങൾ അവരോട് ചോദിക്കാം. അപ്പോൾ കാര്യങ്ങൾ കുറച്ചുകൂടെ വ്യക്തമാകും. ഈ സഭയുടെ ആരംഭം എപ്പോഴാണെന്ന് ചോദിക്കുക. കർത്താവിൻെറ സഭയാണെങ്കിൽ അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നതു അനുസരിച്ച് ഏതാണ്ട് **A. D. 33**-ൽ എന്നു മറുപടി പറയും. വീണ്ടും, സഭയുടെ ആരംഭം എവിടെയായിരുന്നു എന്നു ചോദിക്കുക. യെരുശലേമിൽ ആയിരുന്നു എന്ന് ഉത്തരം പറഞ്ഞാൽ അതു ബൈബിളിൽ പറയുന്നതുപോലെയുള്ള കർത്താവിൻെറ സഭയെന്ന് (അപ്പൊസ്തല പ്രവൃത്തികൾ 2) ഉറപ്പുവരുത്താം. ഒരാൾ എങ്ങനെ ആ സഭയിൽ അംഗമായി തീരുന്നു എന്നു കൂടെ ചോദിക്കണം. ശരിയായ ഉത്തരം, ദൈവത്തിലും ദൈവപുത്രനായ ക്രിസ്തുവിലും ഒരാൾ വിശ്വസിച്ച് (എബ്രായർ 11:6; യോഹന്നാൻ 3:16); തൻെറ പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ട് (ലൂക്കൊസ് 13:3; പ്രവൃത്തി 17:30), യേശുക്രിസ്തു ദൈവ പുത്രനാണെന്ന് വായ്കൊണ്ട് ഏറ്റു പറഞ്ഞ് (റോമർ 10:10; മത്തായി 10:32), പാപമോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്ക്കണം (പ്രവൃത്തി 2:38; മർക്കൊസ് 16:16), അപ്പോൾ കർത്താവ് ആ വ്യക്തിയെ രക്ഷിക്കുകയും തൻെറ സഭയോടു ചേർക്കുകയും ചെയ്യുന്നു (പ്രവൃത്തി 2:47). എന്നതായിരിക്കും.

5. ഉപദേഷ്ടാവ് ളോഹ ധരിക്കുകയോ പാസ്ററർ എന്നോ റെവറൻറ് എന്നോ വിളിക്കപ്പെടുന്നുവെങ്കിൽ നിങ്ങൾക്ക് അറിയാം ആ ഇടവക കർത്താവിൻെറ സഭയല്ല

എന്ന്. കാരണം അതെല്ലാം ബൈബിളിനു അന്യമാണ് (2തിമൊഥെയോസ് 3, തീത്തോസ് 1; സങ്കീർത്തനം 19:9).

6. ഇന്നു പരിശുദ്ധാത്മ സ്നാനം ഉണ്ടെന്നും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യാൻ കഴിയുമെന്നും അന്യഭാഷയിൽ അത്ഭുതകരമായി സംസാരിക്കുമെന്നും ഒരു ഉപദേഷ്ടാവ് അവകാശപ്പെട്ടാൽ അതു പെന്തെക്കൊസ്തു സഭാവിഭാഗത്തിൽ പെട്ട ഒന്നാണ്; കർത്താവിന്റെ സഭയല്ല എന്നു സ്പഷ്ടം. സകല സൽപ്രവൃത്തിയിലും നമ്മെ തികഞ്ഞവരാക്കുന്ന ഒന്നാണ് വചനം (2തിമൊഥെയോസ് 3:16-17). പുതിയ നിയമ കാലയളവിൽ അത്ഭുതങ്ങളും അടയാളങ്ങളും അന്യഭാഷയിലുള്ള സംസാരവും നടന്നിരുന്നു. വചനം പൂർണ്ണമായി എഴുതപ്പെടുന്നതുവരെ അതു ആവശ്യവുമായിരുന്നു. എന്നാൽ എപ്പോൾ വചനം എല്ലാം എഴുതപ്പെട്ടു കഴിഞ്ഞുവോ അപ്പോൾ അതെല്ലാം നിന്നു പോകുമെന്ന് ദൈവം തന്നെ അരുളിച്ചെയ്തിരിക്കുന്നു.

സഭയെ സംബന്ധിച്ച് പരിഗണിക്കുമ്പോൾ അതു കർത്താവിന്റേതു തന്നെയോ എന്നു തീരുമാനിക്കുവാൻ ഏതാനും നിഷേധാത്മകവും ക്രിയാത്മകവുമായ അടയാളങ്ങളാണ് മുകളിൽ പ്രതിപാദിച്ചതു. നമുക്ക് അറിയാം ലോകത്തിൽ ധാരാളം സഭകളുണ്ട് എന്ന്. ചിലതു ഏതാണ്ട് സഭയോടു അടുത്തു വരുന്നതും മററു പലതും വളരെ അകന്നു നില്ക്കുന്നതുമാകുന്നു. പക്ഷെ സത്യത്തോട് അടുത്തു വന്നാൽ മാത്രം പോരാ എന്നു നാം തിരിച്ചറിയണം. നാം വളരെ ശ്രദ്ധിക്കേണ്ട ഒന്നാണ് സഭ; കർത്താവ്, തന്റേതെന്ന് അംഗീകരിക്കാത്ത ഒരു കൂട്ടത്തിൽ ഉൾപ്പെട്ട് നാം വഞ്ചിക്കപ്പെടാൻ അനുവദിക്കരുത്.

ക്രിസ്തുവിന്റെ സഭയിലുള്ള ഞങ്ങൾ ഞങ്ങളെത്തന്നെ ഉയർത്തികാണിക്കുവാനോ നിങ്ങളേക്കാൾ ഞങ്ങൾ ഉത്തമന്മാർ എന്നു വരുത്തി തീർക്കാൻ ശ്രമിക്കുകയോ അല്ല ചെ

യ്യുന്നതു. മനുഷ്യരായ നാം ഒന്നുകിൽ ക്രിസ്തുവിനു ള്ളവർ ആകും അല്ലെങ്കിൽ അന്യനാകും. ക്രിസ്തു, തൻെറ സഭ പണിയുമെന്ന് പറഞ്ഞു (മത്തായി 16:18); പെന്തെകൊസ്തുനാളിൽ അവൻ അതു പണിതു (പ്രവൃത്തി 2); അവൻ തന്നെയാണ് സഭയുടെ തലയും (കൊലൊസ്യർ 1:18), രക്ഷിതാവും (എഫെസ്യർ 5:23). ആ സഭക്കുവേണ്ടി അവൻ മരിച്ചു തൻെറ രക്തം കൊടുത്തു വിലക്കു വാങ്ങിയതാണ് അതു (പ്രവൃത്തി 20:28). കർത്താവിന് ഏക ശരീരം അഥവാ സഭയാണ് ഉള്ളതു (എഫെസ്യർ 4:4, എഫെസ്യർ 1:22-23). തൻെറ പേർ ധരിച്ചിരിക്കുന്ന ആ ഏക സഭയെ സ്വീകരിപ്പാനാണ് കർത്താവ് വീണ്ടും വരുന്നതു. അവരെ അവൻ വന്ന് സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകയും ചെയ്യും (എഫെസ്യർ 5:23-27). ആകയാൽ ബൈബിളിൽ വായിക്കുന്ന പ്രകാരം നാം ക്രിസ്ത്യാനികളാം ആകേണ്ടതും വിശ്വസ്ഥരായി അവനെ തൻെറ സഭയിൽ ആരാധിക്കേണ്ടതും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. നാം ഏതെങ്കിലും സഭയിൽ എന്തെങ്കിലും ചെയ്തു ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിക്കരുതു. അതു ദൈവവ്യവസ്ഥക്കു എതിരാണ്. നാം വേല ചെയ്യേണ്ടതു കർത്താവിൻെറ സഭയിൽ നിലനിന്നു കൊണ്ടായിരിക്കണം. കർത്താവിനെ ആദരിക്കുന്നവർ അവൻെറ സഭയെ ആദരിക്കണം.

അതുകൊണ്ട് നിങ്ങൾ വേറൊരു സ്ഥലത്തേക്കു മാറിപോകുമ്പോൾ അവിടെ കർത്താവിൻെറ സഭയുടെ കൂടിവരവ് തിരിച്ച് അറിയുവാൻ ശ്രമിക്കുമ്പോൾ ശരിയായ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. പുതിയ നിയമത്തിൽ സഭയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്ന എല്ലാ അടയാളങ്ങളും ഉണ്ടോ എന്ന് നോക്കേണ്ടതാണ്. താരതമ്യ പഠനം കൊണ്ടു മാത്രമെ അതു സാദ്ധ്യമാകു. അങ്ങനെ പൂർണ്ണബോധ്യം വന്നതിനു ശേഷമെ ആ സഭയുമായി ബന്ധപ്പെടാവു, അവരുമായി ചേർന്നു ആരാധനക്കു പങ്കെടുക്കാവു, കർത്താവിൻെറ വേലയിൽ അവരുമായി

പങ്കെടുക്കാവു. സൗകര്യത്തിനനുസരിച്ച് അടുത്തുള്ള ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതെങ്കിലും ഒരു കൂട്ടവുമായി ചേരരുതു; അതു ശരിയായ സമീപനമല്ല. കർത്താവിന്റെ സഭയുടെ ഒരു കൂടി വരവ് ആ പ്രദേശത്ത് നിങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ വീട്ടിലിരുന്ന് ആരാധിക്കണം. സമാനചിന്താഗതിക്കാരെ കണ്ടെത്തണം, അവരെ പഠിപ്പിക്കണം, അതിനുശേഷം നിങ്ങൾക്കു കർത്താവിന്റെ സഭയുടെ ഒരു ഇടവക ആരംഭിക്കാൻ കഴിയും. ഈ കാര്യത്തിലും മറ്റെല്ലാ കാര്യത്തിലും, നിങ്ങൾ കർത്താവിനോടു സത്യസന്ധത പുലർത്തി ജീവിക്കാൻ അവൻ നിങ്ങളെ സഹായിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

★

# പ്രാദേശിക സഭ

**ജാക്കി M. S.**

**സു**വിശേഷം മാന്യതയോടെ അനുസരിച്ച് അതിനാൽ നയിക്കപ്പെടുന്നവർ പ്രാദേശികമായ സഭക്കു വളരെ ഊന്നൽ കൊടുക്കും. അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ, യെരുശലേം, യഹൂദ്യാ, ശമര്യാ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തും പ്രാദേശിക സഭകൾ ആരംഭിച്ചതായി വിവരിക്കുന്നുണ്ട്. പുതിയ നിയമ ലേഖനങ്ങൾ എഴുതപ്പെട്ടിരിക്കുന്നതു പ്രാദേശിക സഭകളിൽ കൂടെ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുന്ന വ്യക്തികൾക്കും ഇടവകകൾക്കും ആയിട്ടാണ്.

## പോററുക

ഭൗതിക ശരീരത്തിൻെറ നിലനില്പിനു ആഹാരം ആവശ്യമുള്ളതുപോലെ തന്നെ ആത്മാവിനും ആഹാരം ആവശ്യമാണ്. ആ ആവശ്യം ദൈവം നിറവേററുന്നതു പ്രാദേശിക ഇടവകകളിൽ കൂടെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. വ്യായാമവും നിരന്തര പരിശീലനവും ഒരു ശരീരത്തിൻെറ ആരോഗ്യത്തിനു ആവശ്യമാണ്. ആത്മാവിനെ ശക്തമായി സൂക്ഷിക്കാൻ ദൈവവചന പരിജ്ഞാന പരിശീലനവും അഭ്യാസവും ഒഴിച്ചുകൂടാൻ പററാത്ത ഒന്നാണ് (പ്രവൃത്തി 20:28; എബ്രായർ 5:11-14; ഗലാത്യർ 6:1-10; യാക്കോബ് 5:19-20).

സുവിശേഷ ശക്തി ഏതെങ്കിലും പ്രദേശത്തുള്ള സഭയിൽ ഇല്ലാതെ വന്നാൽ, അംഗങ്ങൾ വഞ്ചിക്കപ്പെടുകയും ക്രമേണ അതു നാശത്തിലേക്കു പോകയും ചെയ്യുന്നു. ഇതിനു ഉത്തരവാദി മനുഷ്യൻ തന്നെയാണ്. ആരാണ് ആ ഇടവകയെ നയിക്കുന്നതു ? ആ വ്യക്തിയാണ് അതിനു കാരണക്കാരൻ എന്നു തിരിച്ചറിയണം.

പ്രാദേശിക ഇടവകയിൽ സജീവ പ്രവർത്തനത്തിലും ആത്മീയ ജീവിതത്തിലും നിലനിന്നാലല്ലാതെ ഒരാത്മാവിനും പക്വത കൈവരിക്കാൻ സാദ്ധ്യമല്ല. പ്രാദേശിക സഭയെ ആദരിക്കാതെ, അതിനെ തുച്ഛീകരിച്ച് കാണിച്ചാൽ, ആളുകളുടെ മനസും സത്യത്തോടുള്ള അവരുടെ അറിവില്ലായ്മയും പ്രകടമാക്കുന്നു.

ഒരു സ്ഥലത്തെ സഭയിലെ ഉപദേഷ്ടാവ് തിരിച്ചറിയേണ്ട കാര്യം എന്തെന്നാൽ സഭയെ വളർത്തേണ്ട ഒരു മഹത്തായ പ്രവൃത്തിയാണ് അയാൾ ഏറെറടുത്തിരിക്കുന്നതു. ഏതു പ്രാദേശിക സഭയും മനസിലാക്കേണ്ട കാര്യം അവരുടെ വലിയ കർത്തവ്യം ആണ്. അവർ ആത്മാക്കളെ നേടുകയും അവരെ പക്വതയിലേക്കു നയിക്കുകയും ചെയ്യുന്നതിൽ അവർക്കുള്ള പങ്ക് അവർ നിർവ്വഹിക്കേണ്ടതാണ്.

## സ്വാധീന ശക്തി

ലോകത്തിലെ പാപത്തിനുള്ള പ്രതിവിധി ബോദ്ധ്യപ്പെടുത്തുവാനും അതിൽ നിന്നും ലോകത്തെ പിന്തിരിപ്പിക്കുവാനു പ്രാദേശിക ഇടവകകൾക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ദൈവം ബോധ്യപ്പെടുത്തിയിരിക്കയാണ്. ഇതു മനസിലാക്കിയ തെസ്സലോനിക്യാ സഭ സുവിശേഷ ശക്തിയാൽ ഇതു ചെയ്യുന്നതായി നമുക്കു കാണാം (1തെസലോനിക്യർ 1:8-10).

സുവിശേഷ ബന്ധത്തിൽ തുടർച്ചയായ് അനുബന്ധമാണ് ഒരു പ്രാദേശിക ഇടവകയുടെ ജീവൻ. സുവിശേഷ പ്രചരണമോ, ആത്മാക്കളെ നേടുന്നതോ ഇല്ലാതെ വരുമ്പോൾ സഭ നിർജ്ജീവമായി മാറുന്നു.

എത്ര ശക്തമായി ലോകത്തിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ സ്വാധീന ശക്തി ചെലുത്താമോ അത്രയും വിപുലമായ രീതിയിൽ ഇടവക വളരും. സ്വാധീന ശക്തി ബലഹീനമായി മാറുമ്പോൾ ഇടവകയുടെ ബലം കുറയും. ലോകത്തിൽ അതിന് ചെലുത്താവുന്ന ശക്തി മങ്ങിപ്പോകുന്നതാണ് കാരണം. ഇതിന് എല്ലാവരും ഉത്തരവാദികളാണ്. ഒരുമിച്ചുള്ള പ്രവർത്തനമാണ് പ്രശ്ന പരിഹാരം.

## കീഴ്പ്പെടുത്തുക

സുവിശേഷത്തിലുള്ള ശക്തി ഒരു ഇടവക പൂർണ്ണമായി മനസിലാക്കിയാൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കും. എഫെസോസ് സഭയിലെ ആദ്യസ്നേഹം അവർ വിട്ടുകളഞ്ഞതായിരുന്നു. എന്നാൽ അവർക്കു അതു വീണ്ടെടുക്കാൻ കഴിയണം (വെളിപ്പാട് 2:7). വിളിക്കപ്പെട്ട ശേഷം കഷ്ടം അനുഭവിക്കേണ്ടിവന്നാൽ നിരാശപ്പെടരുതു. സഹിഷ്ണുതയോടെ അതിനെ മറികടക്കണം. സ്മുർന്നയി

ലെ സഭയിൽ നമുക്കു കാണാൻ കഴിയുന്നതു അതാണ്. പെർഗമൊസ് സഭയിൽ എന്നപോലെ മതപരമായ തെററുകളെയും ദുരുപദേശങ്ങളേയും ചെറുത്തു നില്ക്കേണ്ട സാഹചര്യവും, ഉണ്ടാവും. അതിനും നാം തയ്യാറാകണം (വെളിപ്പാട് 2:17). യിസെബേലിനെ പോലെ മറെറാരു ഉപദേശം ഉയർന്നു വന്നാൽ അതിനെയും അതിജീവിക്കണം (വെളിപ്പാട് 2:26). ഒരു ഇടവക സർദ്ദീസിലേപോലെ മരിച്ചവരായി മാറാമോ ? അരുതു. അവർ അതിൽ നിന്നും തിരിയണമെന്നായിരുന്നു ദൈവത്തിന്റെ ആലോചന. ഫിലദെൽഫിയയെപോലെ ഒരു വാതിൽ തുറന്നു കിട്ടുമ്പോൾ സാത്താന്റെ തീയ്യമ്പുകളെ നേരിടുവാൻ തക്ക ശക്തി സംഭരിക്കണം (വെളിപ്പാട് 3:12). ശീതോഷ്ണമായ അവസ്ഥ ഉണ്ടാകാതിരിക്കണം. അങ്ങനെ കാണപ്പെട്ടാൽ അതു നശിപ്പിക്കപ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നു.

## ഉപസംഹാരം

സുവിശേഷത്തിന്റെ പരമോന്നതമായ ശക്തി മനസിലാക്കി വിശ്വസിക്കുന്നവരും സുവിശേഷത്തെ മാനിക്കുന്നവരും പ്രാദേശിക സഭയുടെ പങ്കിനെ തിരിച്ചറിയുകയും അനുമോദിക്കുകയും ചെയ്യും. കർത്താവിന്റെ പ്രബോധനം നാം ഒരിക്കലും മറക്കരുതു. "ആത്മാവ് സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ. ക്രിസ്തുവിന്റെ സഭ നിങ്ങളുടെ പ്രദേശത്ത് ഉണ്ടോ ? നിങ്ങൾ ആ സഭയിൽ അംഗമായി ചേർക്കപ്പെട്ടിട്ടുണ്ടോ ? നിങ്ങൾ ആ സഭയുടെ സ്വാധീനത്തിലാണോ ? അതോ നിങ്ങൾ ലോകപ്രകാരമുള്ള വിഭാഗത്തിലോ ? അങ്ങനെയെങ്കിൽ സത്യവചനം അനുസരിച്ച്; നിങ്ങൾ കർത്താവിന്റെ കല്പനകൾ പൂർണ്ണമായി അനുസരിച്ച് കഴിയുമ്പോൾ കർത്താവ് നിങ്ങളെ അവന്റെ സഭയിൽ ചേർത്തുകൊള്ളും.

★

# അനന്യാസ് ഒരു തെററുള്ള ശിഷ്യനോ?

W. A. ഫോളി

പറഞ്ഞിട്ടുള്ള കഥകളിൽ വെച്ച് ഹൃദയ സ്പർശിയായ ഒന്നാണ് പൌലോസായി മാറിയ ശൌലിന്റെ പരിവർത്തനം. പ്രവൃത്തികളുടെ പുസ്തകം 9, 22, 26 എന്നീ അദ്ധ്യായങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചാൽ ശൌൽ എങ്ങനെ മാറി എന്നു മനസിലാകും. ആത്മാർത്ഥതയോടെ ഈ ഭാഗങ്ങൾ വായിച്ചുനോക്കാൻ ഞങ്ങൾ അപേക്ഷിക്കുകയാണ്.

യേശുക്രിസ്തുവിനും അവന്റെ സഭക്കും വളരെ എതിരായിരുന്നു ശൌൽ. സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊന്നപ്പോൾ അവന്റെ വസ്ത്രം പിടിച്ചിരുന്നതു ശൌൽ ആയിരുന്നു (പ്രവൃത്തി 8:58). ശൌൽ പിന്നീട് കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കുലയും നിശ്വസിച്ചുകൊണ്ട് മഹാപുരോഹിതന്റെ അടുക്കൽ ചെന്നു; ദമസ്കൊസിൽ ഈ മാർഗ്ഗക്കാരായ വല്ല പുരുഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചുകെട്ടി യെരൂശലേമിലേക്കു കൊണ്ടു വരുവാന്തക്കവണ്ണം അവിടത്തെ പള്ളികൾക്കു അവനോടു അധികാര പത്രം വാങ്ങി അവർ പ്രയാണം ചെയ്തു (പ്രവൃത്തി 9:1-2).

പ്രവൃത്തി 26:9-11 വരെയുള്ള വാക്യങ്ങൾ നാം ഇങ്ങനെ വായിക്കുന്നു. "നസറായനായ യേശുവിന്റെ നാമത്തിന്നു വിരോധമായി പലതും പ്രവർത്തിക്കേണം എന്നു ഞാനും വിചാരിച്ചു സത്യം. അതു ഞാൻ യെരൂശലേമിൽ ചെയ്തിട്ടുമുണ്ട്; മഹാപുരോഹിതന്മാരോടു അധികാര പത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ

ആക്കി അടെച്ചു; അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചു കൊണ്ട് ദൂഷണം പറവാൻ നിർബ്ബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്തു പിടിച്ച് അന്യ പട്ടണങ്ങളോളവും ചെന്നു അവരെ ഉപദ്രവിക്കയും ചെയ്തു. എന്നാൽ **A. D. 65-ൽ** പൌലൊസ് ലേഖനം എഴുതിയപ്പോൾ തന്റെ ക്രൂരമായ മുൻകാല ചെയ്തികളെയും രേഖപ്പെടുത്തിയിട്ടുണ്ട്. "മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു; എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാകകൊണ്ടു എനിക്കു കരുണ ലഭിച്ചു (1 തിമൊഥെയോസ് 1:13). സഹോദരന്മാരേ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടും കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പൌലോസ് പറയുകയുണ്ടായി (പ്രവൃത്തി 23:1). നല്ല മനസ്സാക്ഷിയുണ്ടെങ്കിലും ഒരാൾ തെററുചെയ്യും എന്നതു ഇതിൽ നിന്നു തെളിയുന്നു.

ശൌലിന്റെ ദമസ്കൊസിലേക്കുള്ള യാത്രാ മദ്ധ്യേ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവനെ നിഷ്ക്രിയനാക്കി. സംഭവിച്ചതു എന്ത് എന്നു നമുക്കു നോക്കാം. "അവൻ പ്രയാണം ചെയ്തു ദമസ്കൊസിനു സമീപിച്ചപ്പോൾ പെട്ടെന്നു ആകാശത്തു നിന്നു ഒരു വെളിച്ചം അവന്റെ ചുററും മിന്നി; അവൻ നിലത്തു വീണു; ശൌലേ, ശൌലേ നീ എന്നെ ഉപദ്രവിക്കുന്നതു എന്തു എന്നു തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാകുന്നു, കർത്താവേ, എന്നു അവൻ ചോദിച്ചതിനു; നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ, നീ എഴുന്നേററു പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നതു അവിടെ വെച്ചു നിന്നോടു പറയും എന്നു അവൻ പറഞ്ഞു (പ്രവൃത്തി 9:3-6).

കർത്താവിൽ നിന്നു വീണ്ടും എന്തെങ്കിലും കേൾക്കുന്നതിനു മുൻപ് ശൌൽ മൂന്നു ദിവസം കണ്ണു കാണാതെ

യും തിന്നുകയോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു (പ്രവൃത്തി 9:9).

രക്ഷിക്കപ്പെടുവാൻ ശൌൽ എന്തു ചെയ്യണമെന്ന് കർത്താവ് അവനോട് പറഞ്ഞില്ല. കർത്താവിന്റെ രക്ഷാമാർഗ്ഗം ഉപദേശിച്ച് കൊടുപ്പാനായി അനന്യാസ് എന്ന ഒരു ശിഷ്യനെയാണ് കർത്താവ് നിയോഗിച്ചയച്ചതു. പാപികളായ മനുഷ്യരോടു സുവിശേഷം അറിയിക്കുവാൻ യേശുക്രിസ്തു ലോകത്തിൽ എല്ലായിടത്തും അയച്ചതു ദൂതന്മാരെയല്ല അപ്പോസ്തലന്മാരെയത്രെ. അവരുടെ കാലശേഷം വിശ്വസ്ഥ മനുഷ്യരെ ഭരമേല്പിച്ച് അവൻ ആ ദൗത്യം നിറവേററുന്നു (മത്തായി 28:18-20, മർക്കൊ. 16:15-16; 1 തിമൊഥെയോസ് 2:2-4).

എന്നാൽ അനന്യാസ് എന്നൊരു ശിഷ്യൻ ദമസ്കൊസിൽ ഉണ്ടായിരുന്നു. അവനെ കർത്താവ് ഒരു ദർശനത്തിൽ അനന്യാസേ എന്നു വിളിച്ചു. കർത്താവേ അടിയൻ ഇതാ എന്നു അവൻ വിളി കേട്ടു. കർത്താവു അവനോടു: നീ എഴുന്നേററു നേർവീഥി എന്ന തെരുവിൽ ചെന്നു, യൂദയുടെ വീട്ടിൽ തർസൊസുകാരനായ ശൌൽ എന്നു പേരുള്ളവനെ അന്വേഷിക്ക; അവൻ പ്രാർത്ഥിക്കുന്നു അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിന്നു തന്റെ മേൽ കൈ വെക്കുന്നതു അവൻ കണ്ടിരിക്കുന്നു എന്നു കല്പിച്ചു. ശക്തമായ ന്യായവാദത്താൽ അനന്യാസ് കർത്താവിന്റെ കല്പനയെ എതിർക്കാൻ ശ്രമിക്കുന്നുണ്ട്. കർത്താവിന്റെ ഉദ്ദേശം മനസിലാക്കാതെയാണ് അവൻ അതു ചെയ്യുന്നതു (പ്രവൃത്തി 4:10-13).

അവസാനം അനന്യാസ് ശൌലിന്റെ അടുക്കൽ വന്നപ്പോഴം അവൻ എന്തു പറഞ്ഞു എന്നറിയാൻ ദയവായി വായിക്കുക (പ്രവൃത്തി 22:16). പൌലൊസ് തന്നെ വിവരിക്കുകയാണ് ആ സന്ദർഭത്തെ. അവിടെ പാർക്കുന്ന സകല യെഹൂദൻമാരാലും നല്ല സാക്ഷ്യം കൊണ്ടവനായി ന്യായ

പ്രമാണപ്രകാരം ഭക്തിയുള്ള പുരുഷനായ അനന്യാസ് എന്നൊരുത്തൻ എൻെറ അടുക്കൽ വന്നു നിന്നു: സഹോദരനായ ശൌലേ, കാഴ്ച്ച പ്രാപിക്ക എന്നു പറഞ്ഞു. ആ നാഴികയിൽ തന്നെ ഞാൻ കാഴ്ച്ച പ്രാപിച്ചു ഞാൻ അവനെ കണ്ടു. അപ്പോൾ അവൻ എന്നോടു: നമ്മുടെ പിതാക്കൻമാരുടെ ദൈവം നിന്നെ തൻെറ ഇഷ്ടം അറിവാനും നീതിമാനായവനെ കാൺമാനും അവൻെറ വായിൽ നിന്നു വചനം കേൾപ്പാനും നിയമിച്ചിരിക്കുന്നു. നീ കാണുകയും കേൾക്കയും ചെയ്തതിനു സകല മനുഷ്യർക്കും നീ അവൻെറ സാക്ഷിയായി തീരും. ഇനി താമസിക്കുന്നതു എന്ത് ? എഴുന്നേററു അവൻെറ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏററു നിൻെറ പാപങ്ങളെ കഴുകിക്കളക എന്നു പറഞ്ഞു.

എഴുന്നേററു പ്രാർത്ഥിച്ചു സ്നാനമേററു നിൻെറ പാപങ്ങളെ കഴുകിക്കളക എന്നാണ് അനന്യാസ് പറഞ്ഞതു. അനന്യാസ് തെററായി എന്തെങ്കിലും ശൌലിനോട്ടു പറഞ്ഞോ ? നാമധേയവിഭാഗങ്ങളിൽ പെട്ട കോടിക്കണക്കിനു ഉപദേഷ്ടാക്കൻമാർ പിന്നെ എന്തുകൊണ്ട് വ്യത്യസ്ഥമായ തെററുകൾ കൂട്ടിച്ചേർക്കുന്നു ? രക്ഷ പ്രാപിക്കാൻ വിശ്വാസം മാത്രം മതി എന്നും, പ്രാർത്ഥിച്ചാൽ മതിയെന്നും പാപം ഏററു പറഞ്ഞാൽ മതിയെന്നു ഇവർ പറയുന്നതു എന്തുകൊണ്ടാണ് ? വേറെ ചിലർ പറയുന്നതു അവരെ ദൈവം അൽഭുതകരമായി രക്ഷിച്ചു എന്നാണ്. അതും ദൈവവചനത്തിൽ പറയാത്തതാണ്. ജനിക്കുന്നതിനു മുൻപ് തന്നെ ദൈവം എല്ലാം നിശ്ചയിച്ചു കഴിഞ്ഞിരിക്കയാണ്. പിന്നെ എന്തു ചെയ്താലും പ്രയോജനമില്ല എന്നു തുടങ്ങിയ എണ്ണമററ ദുരുപദേശമാണ് ഇന്നു വായുവിൽ നിറഞ്ഞു കേൾക്കുന്നതു. പക്ഷെ അനന്യാസിൻെറ വായിൽ നിന്നു ദൈവത്തിൻെറ രക്ഷാപദ്ധതിയിലെ ഒരു വാക്കിൽ പോലും തെററ് പററിയതായി കാണുന്നില്ല.

വെള്ളത്തിൽ പോയി മുങ്ങിയാൽ എങ്ങനെ രക്ഷ കിട്ടും എന്നാണ് നാമധേയ ലോകത്തിന്റെ ചോദ്യം. ക്രിസ്തുവിന്റെ കൽപനയെ നിഷേധിക്കുവാൻ എന്തു തടസ ചോദ്യങ്ങളും ചോദിക്കാം. എന്നാൽ അനന്യാസിനു തെററു പററിയോ ? അവൻ തെററു പഠിപ്പിച്ചോ ? ഇല്ല. നമുക്കു ഊഹിക്കാവുന്ന ഒരു പരമാണുവിന്റെ അത്ര പോലും ഇല്ലായിരുന്നു. അവൻ സത്യം സത്യമായിട്ടു തന്നെ ധരിപ്പിച്ചുകൊടുത്തു.

പ്രിയരെ, യേശുക്രിസ്തുവിന്റെ രക്തമാണ് നിങ്ങളെ ശുദ്ധീകരിക്കുന്നതു എന്നു പറയുമ്പോൾ അതു അവൻ അംഗീകരിക്കും. അതു ശരിയുമാണ് പക്ഷെ അതെങ്ങനെ എന്നു അവർക്ക് അറിഞ്ഞു കൂടാ. ഉദ്ധരിക്കേണ്ടതു യോഹന്നാൻ 19:33-34. യേശു തന്റെ മരണത്തിൽ രക്തം ചിന്തി എന്നു ഈ വാക്യത്തിൽ പറയുന്നു. ഈ രക്തത്തിന്റെ പ്രയോജനം കിട്ടുവാൻ അവന്റെ മരണത്തിൽ പങ്കാളിയാകണം. അവന്റെ അടക്കത്തിൽ, ഉയിർപ്പിൽ പങ്കാളികളാകേണ്ടതിനു സ്നാനം കൂടിയേ തീരു (റോമർ 6:3-4). കുഞ്ഞാടിന്റെ രക്തത്തോടു ബന്ധപ്പെടുവാൻ വെള്ളത്തിൽ സ്നാനമാകുന്ന അവന്റെ കൽപന ഏൽക്കുന്നവനിൽ വിശ്വാസത്തോടുകൂടി അനുസരണവും ഉണ്ടാകുന്നു. അങ്ങനെയുള്ള വ്യക്തികളെ അവൻ കഴുകി വിശുദ്ധീകരിക്കുന്നു. (വെളിപ്പാട് 1:5; 7-14).

★

# പ്രവാചകൻ

J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

## യെഹെസ്കേൽ

ബൂസിയുടെ മകനായി ജനിച്ച ഒരു പ്രവാചകനായിരുന്നു യെഹെസ്കേൽ. കെബാർ നദീ തീരത്തു വച്ച് ദൈവ അരുളപ്പാട് ആദ്യമായി അവനു ഉണ്ടായി. അവിടെ വച്ചു യഹോവയുടെ കൈ അവൻെറ മേൽ വന്നു. അവൻെറ മഹത്വം അവൻ ദർശിക്കുകയും ചെയ്തു.

(1-ാം അദ്ധ്യായം)

ദൈവം തൻെറ വചനങ്ങളൊക്കെയും പൂർണ്ണമായി അവനെ ധരിപ്പിച്ചു. അതുകൊണ്ടാണു ദൈവം അകത്തും പുറത്തും എഴുത്തുള്ള ഒരു പുസ്തകം അവൻെറ നേർക്കു നീട്ടി. അതു തിന്നുവാൻ കൽപിച്ചരുളിയതു. അവൻ അതു തിന്നുകയും ചെയ്തു, ഒരു പുസ്തകം തിന്നിരിക്കുന്നുവെന്നു പറഞ്ഞാൽ അതിലെ എല്ലാ ആശയങ്ങളും അവൻ മനസ്സിലാക്കി സ്വീകരിച്ചിരിക്കുന്നുവെന്നാണു അർത്ഥം. അല്ലാതെ പുസ്തകം ആരും തിന്നാറില്ലല്ലോ. ഇതിനു ശേഷമാണു യിസ്രായേൽ ഗൃഹത്തോടു സംസാരിപ്പാൻ ദൈവം അവനോടു ആജ്ഞാപിക്കുന്നത്. ദൈവവചനങ്ങൾ പൂർണ്ണമായി മനസ്സിലാക്കി കൊടുക്കാതെ ദൈവം ഒരു പ്രവാചകനെയും ആരുടെയും അടുക്കൽ പറഞ്ഞയച്ചിട്ടില്ല, ദൈവവചനത്തിൽ അവൻ പൂർണ്ണനാകുവാൻ ആത്മാവ് അവനെ എടുത്തുകൊണ്ടുപോയി. തിരികെ അവൻ വസിച്ചിരുന്ന സ്ഥലത്തു വിടുകയും ചെയ്തു.

(2, 3 അദ്ധ്യായങ്ങൾ)

ദൈവം ദുഷ്ടനോടും നീതിമാനോടും എങ്ങനെ പ്രവർത്തിക്കും എന്നു അവനു വെളിപ്പെടുത്തികൊടുത്തു. ''ഞാൻ ദുഷ്ടനോടു: നീ മരിക്കും എന്നു കൽപിക്കുമ്പോൾ നീ അവനെ ഓർമ്മിപ്പിക്കുകയോ, ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിനു അവൻ തന്റെ ദുർമ്മാർഗ്ഗം വിടുവാൻ അവനെ ഓർമ്മിപ്പിച്ചുകൊണ്ടു ഒന്നും പറയുകയോ ചെയ്യാഞ്ഞാൽ ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും. അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും, എന്നാൽ ദുഷ്ടനെ ഓർമ്മിപ്പിച്ചിട്ടും അവൻ തന്റെ ദുഷ്ടതയും ദുർമ്മാർഗ്ഗവും വിട്ടു തിരിയുന്നില്ലായെങ്കിൽ അവൻ തന്റെ അകൃത്യത്തിൽ മരിക്കും. നീയോ, നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു'' (3:18, 19). ''നീതിമാൻ തന്റെ നീതി വിട്ടുമാറി നീതികേടു പ്രവർത്തിച്ചിട്ടു ഞാൻ അവന്റെ മുമ്പിൽ ഇടർച്ച വക്കുന്നുവെങ്കിൽ അവൻ മരിക്കും. നീ അവനെ ഓർമ്മിക്കായ്കകൊണ്ടു അവൻ തന്റെ പാപത്തിൽ മരിക്കും. അവൻ ചെയ്ത നീതി അവനു കണക്കിടുകയില്ല. അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും. നീതിമാൻ പാപം ചെയ്യാതെ ഇരിക്കേണ്ടതിനു നീ നീതിമാനെ ഓർമ്മിപ്പിച്ചിട്ടു അവൻ പാപം ചെയ്യാതെ ഇരുന്നാൽ അവൻ പ്രബോധനം കൈക്കൊണ്ടിരിക്കയാൽ അവൻ ജീവിക്കും. നീയും നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു'' (3:20, 21).

ദുഷ്ടൻ നീതിമാനായാൽ അവന്റെ ദുഷ്ടതയെയും നീതിമാൻ ദുഷ്ടനായാലും അവന്റെ നീതിയേയും ദൈവം കണക്കിൽ എടുക്കുന്നില്ല. ദുഷ്ടൻ നീതിമാനായാൽ ദൈവസ്നേഹം എന്തുമാത്രം അവനിൽ ചൊരിയുന്നു? അവൻ പൂർണ്ണ നീതിമാനായി മാറുന്നു. ദുഷ്ടൻ ദുഷ്ടനായാലും നീതിമാൻ ദുഷ്ടനായി മാറിയാലും അവരിൽ ദൈവകോപം ജ്വലിക്കുന്നു. അവർ ദൈവശിക്ഷക്കു അർഹതയുള്ളവരായി മാറുന്നു, ദൈവനീതി എത്ര കർശനമുള്ളതാണെന്നു നമുക്കു ഇതിൽ നിന്നു മനസ്സിലാക്കാം.

നീതിമാൻ ആരാണെന്നു 18-ാം അദ്ധ്യായം 5-9 വാക്യങ്ങളിൽ നമുക്കു കാണാം. ''പൂജാഗിരികളിൽ വച്ചു ഭക്ഷണം കഴിക്കുകയോ, യിസ്രായേൽ ഗൃഹത്തിന്റെ വിഗ്രഹങ്ങളെ നോക്കി നമസ്കരിക്കുകയോ, കൂട്ടുകാരന്റെ ഭാര്യയെ വഷളാക്കുകയോ, ഋതുവായ സ്ത്രീയുടെ അടുക്കൽ ചെല്ലുകയോ, ആരോടും അന്യായം പ്രവർത്തിക്കുകയോ ചെയ്യാതെ, കടം വാങ്ങിയവനോടു പണം മടക്കിക്കൊടുക്കുകയും, ആരോടും പിടിച്ചു പറിക്കാതെ തന്റെ അപ്പം വിശപ്പുള്ളവനു കൊടുക്കുകയും, നഗ്നനെ ഉടുപ്പിക്കുകയും പലിശക്കു കൊടുക്കുകയോ ലാഭം വാങ്ങുകയോ ചെയ്യാതിരിക്കുകയും നീതികേടു ചെയ്യാതെവണ്ണം കൈ മടക്കിക്കൊൾകയും മനുഷ്യർ തമ്മിലുള്ള വ്യവഹാരത്തിൽ നേരോടെ വിധിക്കുകയും എന്റെ ചട്ടങ്ങളെ അനുസരിക്കുകയും എന്റെ ന്യായത്തെ പ്രമാണിക്കുകയും ചെയ്തുകൊണ്ടു നേരോടെ നടക്കുന്നവൻ ആകുന്നു നീതിമാൻ. അവൻ നിശ്ചയമായി ജീവിച്ചിരിക്കും.

ഇങ്ങനെയുള്ളവരും മരിച്ചിട്ടുണ്ടെന്നും അവർ ജീവിച്ചിട്ടില്ലായെന്നും ചിലർ പറഞ്ഞേക്കാം. ഇങ്ങനെ പറയുന്നവർ ഭൗതികം മാത്രം നോക്കുന്നവരാണ്. ആത്മികമായി നോക്കിയാൽ നീതിമാൻമാർ ഇന്നും ജീവിച്ചിരിക്കുന്നു. മറ്റുള്ളവർ മരിച്ചുമിരിക്കുന്നു.

ഇന്നു പലരും ചെയ്യുന്നതുപോലെ മുൻകാലങ്ങളിൽ ജീവിച്ചിരിക്കുന്നവർ മരിച്ചവരുടെ പാപപരിഹാരത്തിനായി പലതും ചെയ്യാറുണ്ട്. അതു തെറ്റാണെന്നു ദൈവം പ്രവാചകനു വെളിപ്പെടുത്തിക്കൊടുത്തു. ''മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും''

(18:20).

(ശേഷം അടുത്ത ലക്കത്തിൽ)

★

# പരിശുദ്ധാത്മാവിൽ നിറയപ്പെടുന്നതെങ്ങനെ? ജീവിക്കുന്നതെങ്ങനെ?

**റവ. സി. രാജൻ തുമരംപാറ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**വീ**ണ്ടും നോക്കുമ്പോൾ ആത്മാവെന്ന **ആദ്യദാനം** ലഭിച്ചിരിക്കുന്ന നാമും എന്നു പറഞ്ഞിരിക്കുന്നു. രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്നു **രണ്ടാമതു** കിട്ടുന്ന ദാനമല്ല ഇത്. ആദ്യദാനം എന്ന് വ്യക്തമായി (റോമർ 8:26) ൽ പറഞ്ഞിരിക്കുന്നത് നിഷേധിക്കുവാൻ കഴിയുകയില്ല. ഇതിൽ നിന്നും നാം കർത്താവിനെ അനുസരിക്കുമ്പോൾ തന്നെ ആത്മാവിനെ ലഭിക്കുന്നു എന്ന് നിസ്തർക്കമായി മനസ്സിലാക്കാം. എന്നാൽ കാത്തിരിക്കുന്നതിൽ തെറ്റില്ല അത് ആത്മപ്രാപണത്തിനായിരിക്കരുത്; നേരെ മറിച്ച് ആത്മനിറവിനായി പ്രവർത്തിക്കണം ഈ വിഷയം അടുത്തതായി ചിന്തിക്കാവുന്നതാണ്.

## V ആത്മാവിൽ നിറയപ്പെടുക എന്നാൽ എന്ത്?

1 ക്രിസ്തുവിൽ നിറയുക (നിയന്ത്രിക്കപ്പെടുക):- നാം ഈ സംരഭത്തിനായി കാത്തിരിക്കുന്നതിൽ തെറ്റില്ല കാരണം ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ കഴിയുന്നതല്ല. നമ്മുടെ ശരീരം, മനസ്സ് ചിന്ത എല്ലാം തന്നെ ദൈവത്തിൽ നിരന്തരം ഏൽപിച്ചുകൊണ്ടിരിക്കണം (നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കണം) എന്നർത്ഥം. (1 കൊരി. 6:17-20) വായിക്കുമ്പോൾ "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും **നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ** നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നുവല്ലോ. ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ."

ദുർന്നടപ്പു ചെയ്യുന്നവന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയുമോ ? അപ്പോസ്തലനായ പത്രോസ് പറയുന്നത് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് അഴിഞ്ഞുപോകുന്ന വസ്തുവിനെ കൊണ്ടല്ല പിന്നെയോ നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ (ക്രിസ്തുവിന്റെ) രക്തത്താൽ ആണ് എന്നു പറഞ്ഞിരിക്കുന്നു. പൌലൊസ് ശ്ലീഹാ പറയുന്നത് നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ ഇനി നിങ്ങൾക്ക് സ്വന്തമായി പ്രവർത്തിപ്പാനോ സ്വന്ത ഇഷ്ടത്തിന് ജീവിക്കുവാനോ വേണ്ടിയല്ല. നിങ്ങൾ എന്റെ വകയാണ് (കർത്താവിന്റെ). ആകയാൽ നാം നമ്മുടെ ദൈനന്ദിന ജീവിതത്തിൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. വേറിട്ട് ഒരു സ്ഥലത്ത് അൽപം ജലവുമായിരിക്കുന്ന പാത്രം അതേ നിലയിൽ ഇരുന്നാൽ അത് ഒരിക്കലും നിറയുകയില്ല. പാത്രം നിറയണമെങ്കിൽ വെള്ളം മറ്റൊരു പാത്രത്തിൽ നിന്ന് ഒഴിച്ചുകൊടുക്കേണം. എന്നാൽ വെള്ളം ഒഴിക്കുന്ന സന്ദർഭത്തിൽ അത് ഒരേ സമയം നിറയപ്പെടുന്നില്ല. പിന്നെയോ ഒഴിക്കുന്തോറും അത് നിറഞ്ഞു നിറഞ്ഞു വരികയാണ് ചെയ്യുന്നത്. അതുപോലെ നമ്മുടെ ദൈനന്ദിന ജീവിതത്തിൽ ശുദ്ധീകരിച്ച് ദൈവത്തോട് അടുത്തു വരുമ്പോൾ, ഏൽപിച്ചുകൊടുക്കുമ്പോൾ മാത്രമേ ആത്മാവിൽ നിറയപ്പെടുവാൻ കഴിയുകയുള്ളു. അതിനായി നാം ഒരുങ്ങി ഏൽപിച്ചുകൊടുത്തുകൊണ്ടിരിക്കണം.

2. ഫലം പുറപ്പെടുവിക്കുക:-പൌലൊസ് പറയുന്നു; 'ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴികവന്നിരിക്കുന്നു എന്നിങ്ങനെ സമയത്തെ അറികയാൽ തന്നെ എന്നു തുടങ്ങി അനേകം കാര്യങ്ങളെപ്പറ്റി അപ്പോസ്തലൻ പറഞ്ഞിരിക്കുന്നു (റോമർ 13:11-14). ഗലാത്യലേഖനകാരൻ പറയുന്നതുപോലെ ആത്മാവിനാൽ നിറയപ്പെട്ടു കഴിയുമ്പോൾ ഫലങ്ങൾ പുറപ്പെടുവിക്കും; അതിനുള്ള നാഴിക വന്നിരിക്കുന്നു (ഗലാ. 5:22). കാരണം ഓരോ ദിവസം കഴിയുംതോറും രക്ഷ നമുക്ക് ഏറ്റവും അടുത്തു

വന്നുകൊണ്ടിരിക്കുകയാണ്; രാത്രി കഴിവാറായി. രാത്രിയും പകലും ഒരുപോലെ സമ്മേളിച്ചിരിക്കുന്നു. ഉണർന്നു ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുക (വെളി. 3:2).

3. വചനത്തെ ഉൾക്കൊള്ളുക (മനസ്സിലാക്കുക). അപ്പൊസ്തല പ്രവർത്തികളിൽ പത്രൊസിനോടും ശേഷം അപ്പൊസ്തലൻമാരോടും വചനം കേട്ടു ഹൃദയത്തിൽ കുത്തുകൊണ്ടിട്ട് (മാനസാന്തരം വന്നിട്ട്) സഹോദരൻമാരായ പുരുഷൻമാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിക്കുന്നു (അപ്പൊ. 2:37). തേരിൽ ഇരുന്നുകൊണ്ട് യെശയ്യാപ്രവചനം വായിച്ച ഷണ്ഡൻെറ ഉള്ളിൽ വചനം ഫിലിപ്പോസ് മുഖാന്തിരം ഗ്രഹിക്കപ്പെട്ടപ്പോൾ മനസ്സിലാക്കി. ദൈവകൽപന അനുസരിക്കുവാൻ തയ്യാറായി ദൈവവചനം യഥാർത്ഥമായി നാം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്; വചനം കേട്ടതുകൊണ്ടു മാത്രമായില്ല അത് നമ്മുടെ ഉള്ളിൽ ജീവിക്കേണം ജീവിച്ചാൽ മാത്രം പോര. അത് വളർന്ന് ഫലം പുറപ്പെടുവിക്കുവാൻ തക്ക വളർച്ചയിൽ എത്തിച്ചേരേണ്ടതാണ്.

## VI ഒരു സാധാരണ വിശ്വാസി പരിശുദ്ധാത്മാവിൽ നിറയപ്പെടാത്തതെന്തുകൊണ്ട് ?

1 അറിവില്ലായ്മ:- പരിശുദ്ധാത്മാവിനെപ്പററിയും അവൻെറ സ്വഭാവത്തെയും പ്രവർത്തനത്തെയും പററി അറിയേണ്ടത് അത്യാവശ്യമാണ്.

2 അവിശ്വാസം:- ആത്മാവിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരിക്കുകയും ഏൽപിച്ചുകൊടുക്കയും വേണം.

## VII ആത്മാവിൽ നിറയപ്പെടാൻ എങ്ങനെ സാധിക്കും

അഞ്ചു വിധ കാര്യങ്ങൾ നാം സ്വയമായി ചെയ്യേണ്ടതുണ്ട്.

1 വിശ്വാസം ഉണ്ടായിരിക്കണം (എബ്രാ. 11:6).

2 ആഗ്രഹിക്കണം (സങ്കീ. 20:4).

3 'ഹൃദയം ഒരുക്കമുള്ളതായിരിക്കണം (സങ്കീ. 51:10).
4 പാപങ്ങളെ ഏററുപറയുക (ഓരോ ദിവസവും)
(സങ്കീ. 19:12-14).
5 പരിപൂർണ്ണസമർപ്പണം (ദൈവ ഇഷ്ടത്തിനായി)
(അനുസരണം) (ലൂക്കോ. 22:42).

## VIII പരിശുദ്ധാത്മാവിനാൽ നിറഞ്ഞുവെന്ന് ഉറപ്പുവരുത്തുക

ഒരു ക്രിസ്തു വിശ്വാസി യഥാർത്ഥമായി ദൈവാത്മാവിനാൽ നിറയപ്പെട്ടു കഴിയുമ്പോൾ അവന് വെറുതെ ഇരിക്കുവാനാകില്ല; സ്തേഫാനോസിനെപ്പോലെ (അപ്പൊ. 7:55), ദൈവമഹത്വം കാണുവാനും അവനുവേണ്ടി തന്റെ ജീവനെ കളയുവാൻ കൂടി തയ്യാറാകും. ആത്മാവു നിറഞ്ഞവരായി മൂകമായി ഇരിക്കുകയില്ല. മററുള്ളവർ എന്തുകരുതും എന്നു വിചാരിച്ച് ദുരഭിമാനത്തോടെ ഇരിക്കുവാൻ പാടില്ല. യഹോവ ചെയ്ത സകല ഉപകാരങ്ങൾക്കും ഞാനെന്തു പകരം കൊടുക്കും, രക്ഷയുടെ പാനപാത്രമെടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും എന്നു (116:12-14) സങ്കീർത്തനക്കാരനോടു ചേർന്നു അഭിമാനത്തോടെ തലകളെ ഉയർത്തി ലജ്ജിക്കാതെ രാജാക്കൻമാരുടെ മുൻപിലും ഞാൻ നിന്റെ സാക്ഷ്യങ്ങളെ പ്രസ്താവിക്കും എന്നു പറയുകയും പ്രവർത്തിക്കുകയും മാത്രമല്ല, ആത്മാവ് നിറഞ്ഞു കഴിയുമ്പോൾ അവരിൽ നിന്ന് ഉൽഭൂതമാകുന്ന കാര്യങ്ങളെപ്പററി അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. 'ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാററിനും വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ'' ഇത്

കർത്താവിന്റെ കല്പനയാണ്. നാം അപേക്ഷിക്കുന്ന കാര്യങ്ങൾ ലഭിക്കുമ്പോൾ നമുക്ക് ഇത് മനസിലാക്കുവാൻ കഴിയും (1 യോഹ. 5:14-15). ഈ ആത്മനിറവ് നാം പ്രാപിച്ചു കഴിയുമ്പോൾ അതിബഹുലമായ ഒരു ഉത്തര വാദിത്വത്തിലേക്ക് കടക്കുകയാണ് നാമോരോരുത്തരും.

## IX ആത്മാവിൽ പോരാടുവാൻ തയ്യാറാവുക

മേൽ പ്രസ്താവിച്ച വിധം നാം ആത്മാവിനാൽ നിറയപ്പെട്ടു കഴിയുമ്പോൾ ആയുധമേന്തി ആത്മാവിൽ പോരാടുവാൻ നാം പോർക്കളത്തിൽ തയ്യാറായി നിൽക്കുകയാണ് ചിരം ജീവികളായി. പിശാചിന്റെ തന്ത്രങ്ങളെ കീഴ്മേൽ മറിക്കുവാൻ ഒരുക്കത്തോടെ, ധൈര്യത്തോടെ നിൽക്കുക. നാം അധൈര്യപ്പെടേണ്ട ആവശ്യമില്ല. കർത്താവ് നാൽപതു ദിവസം ഉപവസിച്ചശേഷം പരീക്ഷകൻ അടുത്തു വന്നുണ്ടായ അനുഭവം നാം മനസിലാക്കുക (മത്താ. 4:1). നാം പിശാചിന്റെ തന്ത്രങ്ങളെ അറിയാത്തവരല്ലല്ലോ. ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടു കഴിയുമ്പോൾ പിശാച് പുതിയ തന്ത്രങ്ങൾ ആവിഷ്കരിച്ച് നമ്മെ തകർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. പിശാചിനു ഇടം കൊടുക്കാതെ സുബോധമുള്ളവരും നിർമ്മലരുമായി ഭക്തിയോടെ കർത്താവിനെ സേവിപ്പാനും, എഫേസ്യർ 6:10-18 വരെയുള്ള വാക്യങ്ങൾ വായിച്ചു മനസ്സിലാക്കി പോർക്കളത്തിൽ പിശാചിൽ നിന്ന് അനേകരെ വെട്ടിവീഴ്ത്തി യൂദ പറയുന്നതു പോലെ തീയിൽ നിന്ന് ചിലരെ വലിച്ചെടു (യൂദ 23)ക്കുവാൻ തയ്യാറായി സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് പോർക്കളത്തിൽ മുന്നേറാം. പുറകോട്ട് തിരിഞ്ഞുപോകാതെ ഓരോ ചുവട് മുന്നോട്ട് എന്ന മുദ്രാവാക്യവുമായി കർത്താവിനെ സേവിക്കാം, അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് എല്ലാവരേയും ഒരുക്കട്ടെ, ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3;14-22.)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

എന്നാൽ അവരാരും സത്യത്തിന്റെ മൂർത്തിമത്ഭാവം ആയിരുന്നില്ല. എന്നാൽ ദൈവം മനുഷ്യനായി അവതരിച്ചിട്ട്, അവൻ സത്യത്തിന്റെ സാക്ഷിയും ആ മഹത്വം നിറഞ്ഞവനും സത്യമായവനുമായി നമ്മുടെ ഇടയിൽ ജീവിച്ചു. അവൻ സത്യം തന്നെ എന്ന് അവകാശപ്പെടുകയും ചെയ്തു. ''ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു'' (യോഹ. 14:6). യേശുക്രിസ്തു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു'' (യോഹ. 1:14). ''കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു'' (യോഹ. 1:17). സത്യത്തെ ദർശിക്കാനും അറിയാനും മനുഷ്യർക്ക് കഴിഞ്ഞതുതന്നേ യേശുക്രിസ്തു മുഖാന്തരമാകുന്നു.

യേശുക്രിസ്തുവിനെ കുററം ചുമത്തി, അന്നത്തെ നാടുവാഴിയായിരുന്ന പീലാത്തൊസിന്റെ മുൻപാകെ വിസ്തരിക്കുമ്പോൾ; യേശു പീലാത്തൊസിനോടു പറഞ്ഞത് ബൈബിൾ രേഖപ്പെടുത്തുന്നത് ''ഞാൻ-സത്യത്തിന്നു സാക്ഷി നിൽക്കേണ്ടതിന്നു ഞാൻ ജനിച്ചു, അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യ തല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു'' (യോഹ. 18:37).

രാജ്യത്തിന്റെ നീതിപാലകനായ പീലാത്തൊസിനു അപ്പോൾ സംശയം ജനിച്ചു. ''സത്യം എന്നാൽ എന്ത് ?'' **(What is truth)** (യോ.ഹ. 18:38). വാസ്തവമായി

'സത്യം' ദൈവമായ യേശുക്രിസ്തു ആണെന്ന് അന്നും ഇന്നും അനേകർക്കും ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. യേശു സത്യം പറയുന്നതുകൊണ്ട് അവനിൽ ആരും വിശ്വസിക്കുന്നില്ല. എന്നാൽ ലോക മനുഷ്യരിൽ ഭോഷ്ക്കു മാത്രമേ ഉള്ളു. അതുകൊണ്ട് മനുഷ്യർ പറയുന്നത് എല്ലാവരും വിശ്വസിക്കുകയും അനുഷ്ഠിക്കയും ചെയ്യുന്നു.

''ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തത് എന്ത് ?'' ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു; നിങ്ങൾ ദൈവസന്തതിയല്ലായ്കകൊണ്ട് കേൾക്കുന്നില്ല'' (യോഹ. 8:46, 47). ലോക മനുഷ്യരോടുള്ള യേശുക്രിസ്തുവിന്റെ ഈ ചോദ്യം നിന്റെ ഹൃദയത്തെ സ്പർശിക്കുവാൻ ഇടയായിത്തീരട്ടെ !, യേശുക്രിസ്തു മാത്രമാണ് വിശ്വസ്തനും സത്യവാനുമായവൻ.

''കർത്താവ് വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ'' ആണ്. കർത്താവു ദൈവസൃഷ്ടിയുടെ ആരംഭമാകുന്നു. ഈ വചനത്തെ ആസ്പദമാക്കി യഹോവ സാക്ഷികൾ എന്ന ഒരു കൂട്ടർ യേശുക്രിസ്തു സൃഷ്ടികളിൽ ഒന്നാമൻ എന്നു പഠിപ്പിക്കയും ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കയും ചെയ്യുന്നു. യഹോവ സാക്ഷികളുടെ ദുരുപദേശങ്ങളിൽ ആരും കുടുങ്ങി നശിച്ചുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുക. ''അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല'' (യോഹ. 1:2, 3). യേശുക്രിസ്തു സൃഷ്ടിയുടെ ആരംഭവും സകലത്തിനും കാരണഭൂതനുമാണ്.'' അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസന

ങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ. അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു'' (കൊലൊ. 1:15-17). ''സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തു എല്ലാവാഴ്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിന്നും അത്യന്തം മീതെ ഇരുത്തുകയും, സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി'' (എഫെ. 1:21, 22). ''അതുകൊണ്ടു ദൈവവും അവനെ ഏററവും ഉയർത്തി. സകല നാമത്തിന്നും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏററുപറയുകയും ചെയ്യേണ്ടി വരും'' (ഫിലി. 2:9-11).

''അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്? എല്ലാ വാഴ്ച്ചെക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു'' (കൊലൊ. 2:9-10). അവനെ താൻ സകലത്തിന്നും അവകാശിയാക്കിവെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി. അവൻ, അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകുന്നു (എബ്രാ. 1:2, 3). യേശുക്രിസ്തു സൃഷ്ടിയല്ല. സർവ്വസൃഷ്ടിയുടേയും കാരണഭൂതനാണ്. അവൻ സൃഷ്ടികർത്താവാകുന്നു. മേൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നത് ദൈവവചനത്തിലൂടെ നമുക്ക് ഗ്രഹിക്കാവുന്നതാണ്.

എബ്രായ ഭാഷയിൽ 'സത്യമായി' എന്നുള്ളതിനുപ്രകാരം ഉപയോഗിക്കുന്ന പദമാണ് 'ആമേൻ'. ഗ്രീക്കു ഭാഷയിലും ഇതേ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. "--- ഭൂമിയിൽ സത്യം ചെയ്യുന്നവൻ സത്യദൈവത്തെച്ചൊല്ലി സത്യം ചെയ്യും" (യെശ. 65:16). യേശുക്രിസ്തുവും ഇതേ അർത്ഥത്തിൽ തന്നെയാണ്, ആമേൻ, ആമേൻ 'എന്ന് തിരുവചനത്തിൽ ഉപയോഗിക്കുന്നത്." യേശു അവനോടു ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല എന്ന് ഉത്തരം പറഞ്ഞു" (യോഹ. 3:3). "ദൈവരാജ്യത്തെ ശിശു എന്ന പോലെ കൈക്കൊള്ളാത്തവൻ ആരും ഒരു നാളും അതിൽ കടക്കയില്ല എന്നു ഞാൻ 'സത്യമായിട്ടു' നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (ലൂക്കൊ. 18:17).

"ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻതൊഴുത്തിൽ വാതിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു". (യോഹ. 10:1). അപ്പൊസ്തലനായ പൌലൊസും ആമേൻ എന്ന വാക്കിനു 'സത്യമായി' എന്നുള്ള അർത്ഥം വരുമാറ് പ്രയോഗിച്ചിരിക്കുന്നു. "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിന് മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നേ" (2 കൊരി. 1:20). യേശുക്രിസ്തുവിന്റെ വാക്കുകൾക്ക് മാററം വരികയില്ല; 'ആമേൻ' എന്നു മാത്രമായിരിക്കും. 'ആമേൻ എന്ന വാക്കിനു അങ്ങനെ ആകട്ടെ **(Let it be)** എന്നും അർത്ഥമാകുന്നു.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2 30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Cible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To